## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1741      31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്രനിയമമായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം നിലവിൽ വന്നത് എന്നാണ്; | (എ) | 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് 2016 മാർച്ച് 25-)o തീയതിയാണ് നിലവിൽ വന്നത്. |
| (ബി) | ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്ര ആക്ടിനെ അടിസ്ഥാനമാക്കി കേരളം റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേന്ദ്ര നിയമം നിലവിൽ വന്ന് ആറുമാസത്തിനകം സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | ഉണ്ട്. നിലവിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, കേന്ദ്ര ആക്ട് നിലവിൽ വന്നതിനെ തുടർന്ന് റദ്ദാക്കപ്പെട്ടത് 2017 ജൂലൈ 15-ലെ ഓർഡിനൻസ് മുഖേനയാണ്. തുടർന്ന് 2016-ലെ കേന്ദ്ര ആക്ടിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ